(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടികൾ ഏതുവരെയായിട്ടുണ്ട് ;

(സി) ഇങ്ങനെയൊരു നിർദ്ദേശം നിലവിലില്ലെങ്കിൽ പുതിയതായി ഓഫീസ് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിർദ്ദേശങ്ങളൊന്നും ഉണ്ടായിരുന്നില്ല.

(സി) ചാത്തന്നൂരിൽ പുതിയ ഡിവൈ.എസ്.പി. ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

ചാരുംമൂട് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

46 (799) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ ചാരുംമൂട് കേന്ദ്രമായി അടിയന്തരമായി സി.ഐ. (പോലീസ്) ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നാളിതുവരെ ചാരുംമൂട്ടിൽ സി.ഐ. ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സം എന്തായിരുന്നു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) നൂറനാട് സർക്കിൾ ഓഫീസ് ചാരുംമൂട്ടിൽ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരികയാണ്.

വിജിലൻസ് കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

47 (801) ഡോ. തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിജിലൻസ് കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസുകളിൽ നല്ലൊരു ശതമാനത്തിലും കുറ്റപത്രം സമർപ്പിച്ചിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly